**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4042** **28-06-2024-ൽ മറുപടിയ്ക്ക്**

**<u>പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി-യുടെ പ്രവർത്തനം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ശ്രീ. കെ. മുരളീധരൻ |
| ശ്രീ. കടകംപള്ളി സുരേന്ദ്രൻ | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |

**(എ)** സംസ്ഥാനത്തെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററായ പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിച്ച വരുന്ന മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് (IFHC) തിരുവനന്തപുരം മെഡിക്കൽ കോളേജിന് കീഴിലെ പ്രാഥമിക ആരോഗ്യ പരിശീലന കേന്ദ്രമാണ്.

ഈ സ്ഥാപനത്തിൽ ഒ.പി, ലാബ്, ഫാർമസി, എന്നിവ കൂടാതെ 8 കിടക്കകളോട് കൂടിയ ഐ.പി സൗകര്യവും പ്രവർത്തിച്ച വരുന്നു. തിരുവനന്തപുരം നഗരത്തിന്റെ വടക്ക് ഭാഗത്തുള്ള പതിനൊന്ന വാർഡുകളിലായി ഒന്നര ലക്ഷത്തോളം ജനങ്ങൾക്ക് പ്രാഥമിക തല രോഗ പ്രതിരോധ (Preventive) ആരോഗ്യ പ്രോത്സാഹന (Promotive) രോഗ ചികിത്സ (Curative) പുനരധിവാസ (Rehabilitate) സാന്ത്വന പരിചരണ (Palliative Care) സേവനങ്ങൾ ഈ സ്ഥാപനത്തിലൂടെ നൽകി വരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നുള്ള 250 ഹൗസ് സർജൻമാർക്കും മെഡിക്കൽ പി.ജി വിദ്യാർത്ഥികൾക്കും വിവിധ ബാച്ചുകളിലായി അഡ്മിഷൻ നേടുന്ന ആയിരത്തോളം M.B.B.S, B.D.S, വിദ്യാർത്ഥികൾക്കും കൂടാതെ നഴ്സിംഗ് ഉൾപ്പെടെ വിവിധ പാരാമെഡിക്കൽ കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും വ്യത്യസ്ത ബാച്ചുകളിലായി ഇവിടെ പരിശീലനം നൽകി വരുന്നു.

8 കിടക്കകളോട് കൂടിയ 24X7 കിടത്തി ചികിത്സ ആരംഭിക്കുകയും, ഒ.പി, ഫാർമസി, ലാബ് എന്നിവയുടെ പ്രവർത്തി സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുകയും ഡോക്ടർമാർ ഉൾപ്പെടെയുള്ള 17 ജീവനക്കാരെ താൽകാലികമായി നിയമിക്കുകയും ചെയ്തു. നിശ്ചിത ദിവസങ്ങളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നുള്ള പീഡിയാട്രിക്സ്, സൈക്യാട്രി, ഡെന്റൽ, ഒഫ്ത്താൽമോളജി, ഇ.എൻ.റ്റി, ഡെർമറ്റോളജി, റെസ്പിറേറ്ററി മെഡിസിൻ,ഗൈനക്കോളജി, വിഭാഗങ്ങളുടെ ഒ.പി സേവനങ്ങളും ഇവിടെ ലഭ്യമാണ്.

2020 - ൽ നിലവിലെ സൗകര്യങ്ങൾ ഏർപ്പെടുത്തിയ ശേഷം പ്രതി വർഷം ഒന്നര ലക്ഷത്തോളം രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ട്. കൂടാതെ 650 ഓളം പാലിയേറ്റീവ് രോഗികൾക്കും ഈ സ്ഥാപനത്തിൽ നിന്നും തുടർ സാന്ത്വന പരിചരണം നൽകി വരുന്നു.

തിരുവനന്തപുരം പാങ്ങപ്പാറ ഹെൽത്ത് യൂണിറ്റിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ (ഞായറാഴ്ച 9 മണി മുതൽ 12 മണിവരെ) ഒ.പി പ്രവർത്തിക്കുന്നു. പ്രതിദിനം 500 ഓളം വരുന്ന രോഗികൾ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തുന്നു. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യവും ഒബ്സർവേഷൻ, ഡ്രസിങ്, എമർജൻസി കെയർ, ഇ.സി.ജി തുടങ്ങിയ സൗകര്യങ്ങളും ഈ സ്ഥാപനത്തിൽ ഉണ്ട്.

ഈ സ്ഥാപനത്തിന് കീഴിൽ 11 സബ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഈ സബ് സെന്ററുകളിൽ വ്യാഴാഴ്ച ദിവസങ്ങളിൽ ജീവിത ശൈലി രോഗ ക്ലിനിക്, വെള്ളിയാഴ്ച ഗർഭിണികളുടെ പരിശോധന, തിങ്കളാഴ്ച ന്യൂട്രിഷൻ ക്ലിനിക് എന്നിവ നടത്തപ്പെടുന്നു. ഈ സ്ഥാപനത്തിൽ ബുധൻ, ശനി, എന്നീ ദിവസങ്ങളിൽ ഗർഭിണികൾക്കും കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതോടൊപ്പം മാസം തോറും സബ് സെന്ററുകളിൽ പ്രതിരോധ കുത്തിവെയ്പ്പും നൽകിവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നതെങ്കിലും സംസ്ഥാന ആരോഗ്യ വകുപ്പും തിരുവനന്തപുരം നഗരസഭയും ദേശീയ ആരോഗ്യ ദൗത്യവും (NHM) മായി ചേർന്നാണ് ആരോഗ്യ സേവനങ്ങൾ നൽകി വരുന്നത്. ആരോഗ്യ സേവന രംഗത്തെ വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിന്റെ (Inter Sectoral Co-ordination) മികച്ച മാതൃക കൂടിയാണ് പാങ്ങപ്പാറ ഇൻറഗ്രേറ്റഡ്ഫാമിലി ഹെൽത്ത് സെൻറർ. IFHC പാങ്ങപ്പാറയുടെ പ്രവർത്തനങ്ങളും സേവനങ്ങളും സുതാര്യമാക്കുന്നതിനും ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റേയും ഭാഗമായി വെബ് സൈറ്റും നിർമ്മിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത സെന്ററിലെ ആരോഗ്യ പ്രവർത്തകരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം നഗരസഭ മുഖാന്തിരം മൂന്ന് ഡോക്ടർമാർ ഉൾപ്പെടെ പതിനാറ് ജീവനക്കാരെ നിയമിച്ചിരുന്നു. അതിൽ മൂന്ന് ഡോക്ടർമാർ നിലവിൽ ജോലിയിൽ തുടരുന്നില്ല. ആയതിനാൽ ഉച്ചയ്ക്ക് ശേഷം പി.ജി ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി ടി കുറവ് പരിഹരിച്ചാണ് ആശുപത്രി പ്രവർത്തനം നടത്തുന്നത്. കോർപറേഷൻ പ്രോജെക്റ്റ് മുഖേന നിയമിച്ച 3 ഡോക്ടർമാർ മാറിപ്പോയ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ Health supervisor – 2, Health Inspector – 2, Junior Health Inspector – 8, Public Health Nurse Tutor – 1, Public Health –3, Junior Public Health Nurse – 11 എന്നീ ഫീൾഡ് തസ്തികകൾ നിലവിലുണ്ട്. ഇതിൽ 1 Health supervisor വിരമിച്ച ഒഴിവിൽ നിയമനം നടത്തുന്നതിനും Junior Health Inspector മാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന ജീവനക്കാരുടെ തസ്തികകളിൽ നിലവിലുള്ള ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവ് തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരിക്കുകയാണ്. ആശുപത്രി അറ്റന്ററിന്റെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(സി)** പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിന് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കാട്ടായിക്കോണം, കഴക്കൂട്ടം, ചന്തവിള എന്നീ നഗരസഭ വാർഡുകൾ പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി -യുടെ കീഴിലാക്കണമെന്ന ആവശ്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള പതിനൊന്ന് വാർഡുകൾ ഉൾപ്പെടുന്ന ഉദ്ദേശം ഒന്നര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ആരോഗ്യ സംരക്ഷണവും ചികിത്സയും ഉറപ്പ

വരുത്തേണ്ട ഈ സ്ഥാപനം നിലവിൽ ജനസംഖ്യാടിസ്ഥാനത്തിൽ മുപ്പതിനായിരം പേർക്ക് ചികിത്സ ലഭ്യമാക്കേണ്ട പി.എച്ച്.സിയുടെ സ്റ്റാഫ് പാറ്റേണിലാണ് പ്രവർത്തിക്കുന്നത്.

**സെക്ഷൻ ഓഫീസർ**